(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ഡി) മുഴുവൻ പാരലൽ കോളേജ് അദ്ധ്യാപകർക്കും ക്ഷേമനിധി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിൽ പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

(ബി&സി) ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ "ക്ഷേമനിധി" രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ നടപടിയൊന്നും പരിഗണനയിലില്ല.

കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

100 (2111) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരിൽ നാളിതുവരെ നിയമനം ലഭിച്ചവർക്ക് പ്രൊട്ടക്ഷൻ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) എന്നുവരെ നിയമനം ലഭിച്ചവർക്ക് പ്രൊട്ടക്ഷൻ നൽകാൻ കഴിയും ?

ഉത്തരം

(എ) ഇല്ല.

(ബി) 14-7-1997 വരെ നിയമനം ലഭിച്ചവർക്കാണ് നിലവിൽ പ്രൊട്ടക്ഷൻ നൽകുന്നത്.

സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമന വ്യവസ്ഥകൾ

101 (2112) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമന വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാർത്ഥികളുടെ എണ്ണവും, പീരിയഡും കണക്കിലെടുത്തുള്ള നിയമന വ്യവസ്ഥയിൽ മാറ്റം വരുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) കുട്ടികളുടെ കലാ-കായിക കഴിവുകൾ വികസിപ്പിക്കുന്നതിനും പഠനരീതി ആയാസരഹിതമാക്കാനും ഉദ്ദേശിച്ച് ഓരോ സ്കൂളിലും കലാ-കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരിലുൾപ്പെട്ട കായികാദ്ധ്യാപകരുടെ നിയമന വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നുള്ള ആവശ്യം സർക്കാർ പരിഗണിച്ചുവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനായി കായികാദ്ധ്യാപകരുടെ നിയമന വ്യവസ്ഥകളിൽ എപ്രകാരം മാറ്റംവരുത്തണമെന്നതുസംബന്ധിച്ച് പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

വിവിധ അക്കാഡമികളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

102 (2113) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ അക്കാഡമികളിൽ നിരവധി വർഷങ്ങളായി ജോലി ചെയ്യുന്ന എത്ര താൽക്കാലിക ജീവക്കാരുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഈ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ഡി) നിരവധി വർഷങ്ങളായി വിവിധ അക്കാഡമികളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവിധ അക്കാഡമികളിൽ ജോലി നോക്കിവരുന്ന താൽക്കാലിക ജീവനക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു :

കേരള സാഹിത്യ അക്കാദമി	.. 10
കേരള ലളിതകലാ അക്കാദമി	.. 14
കേരള സംഗീത നാടക അക്കാദമി	.. 3
കേരള ഫോക്‌ലോർ അക്കാദമി	.. 6

LIBRARY ARCHIVES Kerala Legislative Assembly